**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 75 — 08.01.2014-ൽ മറുപടിയ്ക്ക്

**അവശ്യ മരുന്നുകളുടെ ക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം.എ. ബേബി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സുപ്രീംകോടതി നിർദ്ദേശാനുസരണം 348 ഇനം മരുന്നുകൾ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് ഇവയ്ക്ക് ക്ഷാമം നേരിടുന്നതായും, പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകൾക്ക് വില കുത്തനെ വർദ്ധിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;<br><br>(ബി) അവശ്യ മരുന്നുകൾക്കുള്ള ക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ)&(ബി) ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 ൽ വിജ്ഞാപനം ചെയ്യാത്ത മരുന്നുകളുടെ വില അനുവദനീയമായ പരിധിയായ 10% ൽ അധികം വർദ്ധിച്ചതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുകയും മരുന്നുകളുടെ കൃത്രിമക്ഷാമം സംബന്ധിച്ച വാർത്തകളെ തുടർന്ന് സംസ്ഥാനത്തുടനീളം പരിശോധന കർശനമാക്കുകയും മരുന്നുകളുടെ കൃത്രിമ ക്ഷാമം ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സോണൽ ഓഫീസ് മേധാവികൾ മരുന്ന് വ്യാപാരികളുടെ യോഗം ഇക്കാര്യത്തിൽ വിളിച്ച് ചേർക്കുകയും ചെയ്തിരുന്നു. |
| (സി) വിലനിയന്ത്രണ പട്ടികയിലുൾപ്പെടുത്തിയ മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാക്കാതെ, പകരം കോമ്പിനേഷൻ മരുന്നുകൾ നൽകി രോഗികളെ ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (സി) വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തിയ മരുന്നുകൾ, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 നിലവിൽ വന്നതിനുശേഷം മാർക്കറ്റിൽ ലഭ്യമല്ലാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| (ഡി) ഓൾ കേരള കെമിസ്റ്റ്സ് & ഡ്രഗിസ്റ്റ് എന്ന സംഘടനയുടെ അനാവശ്യ ഇടപെടലുകൾ തടയാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (ഡി) ഓൾ കേരള കെമിസ്റ്റ്സ് & ഡ്രഗിസ്റ്റ് (AKCDA) എന്ന സംഘടനയുടെ അംഗീകാരം രജിസ്ട്രേഷൻ വകുപ്പ് റദ്ദാക്കിയിരുന്നു. തുടർന്ന് പ്രസ്തുത സംഘടന ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംഘടന പ്രവർത്തിച്ച് വന്നിരുന്നത്. സർക്കാരിന്റെ ശ്രമഫലമായി ഈ സ്റ്റേ |

| | |
|---|---|
| | നീക്കം ചെയ്യിക്കാൻ കഴിഞ്ഞുവെങ്കിലും മറ്റൊരു കേസിൽ 'സ്റ്റാറ്റസ്ക്വോ' ഉത്തരവ് പുറപ്പെടുവിച്ചതിനാൽ സംഘടന തുടർന്നു പ്രവർത്തിച്ചു വരികയാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും ഡോക്ടർമാർ ബ്രാൻഡ് പേരിനു പകരം മരുന്നുകളുടെ ജനറിക് നാമം കുറിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ? | (ഇ) സർക്കാർ സർവ്വീസിലെ ഡോക്ടർമാർ "ബ്രാൻഡ്" പേരിനു പകരം "ജനറിക്" നാമത്തിൽ മരുന്നുകൾ കുറിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ